പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2369 — 19.03.2015-ൽ മറുപടിക്ക്

## പേവിഷ പ്രതിരോധ മരുന്നുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര പേരാണ് പേവിഷ ബാധയേറ്റ് ചികിത്സ തേടുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; ഇതിൽ എത്ര പേർ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നു ; | (എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി 11 (പതിനൊന്ന്) പേരാണ് പേവിഷ ബാധയേറ്റ് ചികിത്സ തേടുന്നത്. സർക്കാർ ആശുപത്രിയിലേയും പ്രൈവറ്റ് ആശുപത്രിയിലെയും വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| (ബി) ഇത്രയും പേർക്ക് ചികിത്സ നൽകുന്നതിനുള്ള മരുന്നുകൾ സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാണോ ; സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മരുന്നിന് ദൗർലഭ്യം നേരിടുന്നുണ്ടോ ; | (ബി) പേവിഷ ചികിത്സയ്ക്ക് വേണ്ട ആന്റി റാബിസ് വാക്സിൻ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്.<br>ഗുരുതരമായി കടിയേറ്റവർക്ക് നൽകുന്ന ആന്റി റാബീസ് സീറത്തിന്റെ ദൗർലഭ്യമാണ് സർക്കാർ ആശുപത്രികളിൽ നേരിടുന്നത്. |
| (സി) പേവിഷ പ്രതിരോധ മരുന്നുകൾക്ക് ക്ഷാമം നേരിടുന്നതിനുള്ള കാരണമെന്തെന്നാണ് സർക്കാർ കരുതുന്നത് ;<br>(ഡി) മെഡിക്കൽ കോർപ്പറേഷൻ ഈ മരുന്നുകൾ വാങ്ങി സർക്കാർ ആശുപത്രികൾക്ക് ആവശ്യാനുസരണം നൽകുന്നുണ്ടോ ; കോർപ്പറേഷനിൽ ഇപ്പോൾ മരുന്ന് ഉണ്ടോ ;<br>(ഇ) പേവിഷ പ്രതിരോധ മരുന്നുകൾ യഥേഷ്ടം ലഭ്യമാക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) (ഡി) & (ഇ) പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള മരുന്നായ ആന്റി റാബീസ് വാക്സിൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ എല്ലാ ജില്ലാ മരുന്നു സംഭരണശാലകളിലും ആവശ്യാനുസരണം ലഭ്യമാണ്. 2014-15 സാമ്പത്തിക വർഷത്തിനു മുൻപുവരെ വളരെ കുറവുമാത്രം ഉപയോഗിച്ചു കൊണ്ടിരുന്ന ഇക്വിൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ 300 IU/ml എന്ന മരുന്നിന് കീഴ്ഘടക സ്ഥാപനങ്ങളിൽ നിന്ന് 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ച ഇൻഡന്റ് 26,910 വയലുകൾക്കായിരുന്നു. മുൻവർഷത്തെ നീക്കിയിരുപ്പ് മരുന്ന് ഫലവത്തായി പ്രയോജനപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭാരത് സിറംസ് ആന്റ് വാക്സിൻസ് എന്ന മരുന്ന് കമ്പനിയുമായി |

കരാറിൽ ഏർപ്പെടുകയും മരുന്ന് വിതരണത്തിനുള്ള വിതരണാനുമതി നൽകുകയും ചെയ്തു. മുൻകാലങ്ങളിൽ ക്ലാസ് 3 ബൈറ്റുകൾക്ക് (മൃഗങ്ങളുടെ ഗുരുതരമായ കടി) മാത്രമായി ഉപയോഗിച്ചു വന്നിരുന്ന മേൽ മരുന്ന് നൽകുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങളിൽ വന്ന വ്യതിയാനത്തെ തുടർന്ന് 2014 ഒക്ടോബർ മുതൽ ഇക്വിൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിന്റെ ഉപയോഗത്തിൽ ഗണ്യമായ വർദ്ധനവ് വരുകയും ഇന്ത്യയിലൊട്ടാകെ പ്രസ്തുത മരുന്നിന്റെ ദൗർലഭ്യം അനുഭവപ്പെടുകയും ചെയ്തു. വാർഷിക ഇൻഡന്റിന് വിരുദ്ധമായി പ്രതിമാസ ഉപയോഗത്തിലുണ്ടായ ഗണ്യമായ വർദ്ധനവ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിക്കപ്പെട്ടിരുന്ന മരുന്നിന്റെ അളവിലും പ്രതിഫലിച്ചുയെന്നുമാത്രമല്ല ആറോളം ജില്ലകളിൽ ഇൻഡന്റിനേക്കാൾ കൂടുതൽ മരുന്നുകൾ അധികം വിതരണം ചെയ്യേണ്ട അവസ്ഥയുമുണ്ടായി.

മേൽ പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി പൊതുവിപണിയിൽ മുന്തിയ വിലയ്ക്ക് വിതരണം ചെയ്യുന്നതിനായി കമ്പനി മാറ്റിവച്ചിരുന്ന 1200 വയൽ റാണിമ്യൂശേഖരം യുദ്ധകാലാടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ജനുവരി മാസത്തിൽ ലഭ്യമാക്കിയതിനു പുറമേ 2015 ജനുവരി മാസം തന്നെ (13.01.2015) 7200 വയൽ മരുന്നുകൾ വിതരണം ചെയ്യുന്നതിനായി ഭാരത് സിറംസ് ആന്റ് വാക്സിൻസ് എന്ന കമ്പനിയ്ക്ക് വിതരണ ഉത്തരവ് നൽകി. ഈ മാസത്തോടു കൂടി വിതരണം പൂർത്തിയാക്കാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. കൂടാതെ ആസന്നമായി രൂപപ്പെട്ടിരിക്കുന്ന ഇക്വിൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിന്റെ കടുത്ത ക്ഷാമം മറികടക്കുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന 2000 വയൽ കുത്തിവയ്പ്പ് മരുന്ന് യുദ്ധകാലാടിസ്ഥാനത്തിൽ വരുത്തി വിതരണം ചെയ്തു കഴിഞ്ഞു.

(signature)

സെക്ഷൻ ഓഫീസർ